ദേശാഭിമാനി
deshabhimani

# ഡോ. കണ്ണൻവാര്യർ കെആർഎഫ്ഐ ഡയറക്ടർ

ആലപ്പുഴ



പീച്ചിയിലെ കേരള വന ഗവേഷണ കേന്ദ്രത്തിന്റെ (കെആർഎഫ്ഐ) ഡയറക്ടറായി ഡോ. കണ്ണൻവാര്യരെ നിയമിച്ചു. കേന്ദ്ര ഡെപ്യൂട്ടേഷനിൽ അഞ്ച് വർഷത്തേക്കാണ് നിയമനം. ഇപ്പോൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ദേശീയ വനഗവേഷണ സ്ഥാപനമായ കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിൽ ചീഫ് സയന്റിസ്റ്റാണ്.

ആലപ്പുഴ ഹരിപ്പാട് സ്വദേശിയായ കണ്ണൻ വാര്യർക്ക് വനശാസ്ത്രരംഗത്ത് ഇന്ത്യയിലെ മികച്ച ഗവേഷകനുള്ള ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ കാവുകളെക്കുറിച്ചുള്ള സമഗ്രപഠനത്തിന് ജൈവ വൈവിധ്യ മേഖലയിലെ ഇന്ത്യയിലെ മികച്ച ഗവേഷകനുള്ള റോള എസ് റാവു ദേശീയ പുരസ്കാരം നേടി. യുണൈറ്റഡ് സ്റ്റേറ്റ്സ് ഫോറസ്റ്റ് സർവീസ് അമേരിക്കയിൽ നടത്തിയ വന ജനിതക പ്രജനന പര്യവേക്ഷണ പരിപാടിയിൽ പങ്കെടുത്ത ഏക മലയാളിയാണ്. കാവേരി നദിയുടെ പുനരുജ്ജീവന ദേശീയ പദ്ധതിയുടെ കേരളഘടകം മുഖ്യ ആസൂത്രകനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സംരംഭമായ ഗ്രീൻ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നോഡൽ ഓഫീസറുമാണ്. ഭാര്യ: ഡോ. രേഖ വാര്യർ. മക്കൾ: അമൃത്, അനിരുദ്ധ്.

ദേശാഭിമാനി Sat, 23 March 2024
https://epaper.deshabl

21. News in Deshabhimani, Alappuzha, 23.03.2024, Observance of International Day of Forests by ICFRE- IFGTB EIACP.